# പതിമൂന്നാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.621** **08.03.2012 ൽ മറുപടിക്ക്**

## സൗജന്യമായി മരുന്ന് ലഭ്യമാക്കുവാൻ നടപടി

**ചോദ്യം**
**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

**മറുപടി**
**ശ്രീ.അടൂർ പ്രകാശ്**
**(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) & (ബി) | സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് സാധാരണയായി ചികിത്സയ്ക്കാവശ്യമുള്ള എല്ലാ മരുന്നുകളും സൗജന്യമായി നൽകുന്നുണ്ട്. ഇത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്യുന്നു. കൂടാതെ വില കൂടിയ മരുന്നുകൾ RSBY പദ്ധതി പ്രകാരവും വിതരണം ചെയ്യാറുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട രോഗികൾക്കാണ് ഈവിധം മരുന്നുകൾ നൽകുക ; | | |
| (സി) | എത്രകോടി രൂപ ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നുണ്ട് ; | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2010-11 സാമ്പത്തിക വർഷം166.44 കോടി രൂപയുടെയും 2011-12 സാമ്പത്തിക വർഷം ഫെബ്രുവരി വരെ 155.40 കോടി രൂപയുടെയും മരുന്ന് വാങ്ങി സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | എല്ലാ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും ഈ ആനുകൂല്യം ലഭ്യമാക്കുമോ ; | (ഡി) | സമ്പന്നർക്ക് ഈ ആനുകൂല്യം നൽകുന്നതിന് ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | രോഗികളെ കണ്ടെത്തുന്നതിനും ഈ സംവിധാനം ദുരുപയോഗം ചെയ്യപ്പെടാതെ കുറ്റമറ്റതാക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ